**MATHRUBHUMI - 11-10-2024**

# തീരത്തിന് ബാധ്യതയാകുന്നു

## കാലാവധി കഴിഞ്ഞ എഫ്.ആർ.പി. മത്സ്യബന്ധന ബോട്ടുകൾ

**അനന്ത് ആൻറണി**
**കൊച്ചി**

ഫൈബർ റീ ഇൻഫോഴ്സ്ഡ് പ്ലാസ്റ്റിക് (എഫ്.ആർ.പി.) മത്സ്യബന്ധന ബോട്ടുകൾ തീരദേശത്തിന് ബാധ്യതയാകുന്നു. എഫ്.ആർ.പി. പൊതിഞ്ഞ 25,000-ഓളം മത്സ്യബന്ധന ബോട്ടുകളാണ് സംസ്ഥാനത്തുള്ളത്. ഏഴു വർഷമാണ് ഇവയുടെ പ്രവർത്തന കാലാവധി.

പ്രവർത്തന കാലാവധി കഴിഞ്ഞ ബോട്ടുകൾ സംസ്കരിക്കാൻ നിലവിൽ സംവിധാനങ്ങളില്ല. ഗ്ലാസ് ഫിലമെന്റ്സും റെസിനും ചേർന്നുള്ള തെർമോസെറ്റിങ് പ്ലാസ്റ്റിക് വിഭാഗത്തിൽ ഉൾപ്പെടുന്നതുകൊണ്ട് ഇവ റീസൈക്കിൾ ചെയ്യാനും ബുദ്ധിമുട്ടാണ്.

അതിനാൽ കാലാവധി കഴിയുന്ന ബോട്ടുകൾ കത്തിക്കുകയോ മണലിൽ കുഴിച്ചിടുകയോ കണ്ടൽക്കാടുകളിലും ആഴക്കടലിലും താഴ്ത്തുകയോ ആണ് ചെയ്യുന്നത്. ഇത് ബോട്ടുകളിൽനിന്നുള്ള മൈക്രോ പ്ലാസ്റ്റിക്കുകൾ മത്സ്യങ്ങളിലെത്താൻ കാരണമാകുന്നു. തീരപ്രദേശങ്ങളിൽ ഇവ ഉപേക്ഷിക്കപ്പെടുന്നത് പരിസ്ഥിതി പ്രശ്നങ്ങൾക്കും വഴിതുറക്കുന്നു.



കാലാവധി കഴിഞ്ഞ എഫ്.ആർ.പി. ബോട്ട് വിഴിഞ്ഞം കടപ്പുറത്ത് ഉപേക്ഷിക്കപ്പെട്ട നിലയിൽ

ചെറുകിട മത്സ്യബന്ധന ബോട്ടുകളുടെ പ്രധാന നിർമാണവസ്തുവാണ് എഫ്.ആർ.പി. 2016-ൽ അന്താരാഷ്ട്ര മാരിടൈം ഓർഗനൈസേഷന്റെ (ഐ.എം.ഒ.) ലണ്ടൻ കൺവെൻഷനിൽ പ്രവർത്തന കാലാവധി കഴിഞ്ഞ എഫ്.ആർ.പി. ബോട്ടുകൾ സമുദ്രമാലിന്യമായി അംഗീകരിച്ചതാണ്. പക്ഷേ, രാജ്യത്ത് നിലവിൽ എഫ്.ആർ.പി. ബോട്ടുകളുടെ സംസ്കരണ, റീസൈക്ലിങ് സൗകര്യങ്ങൾക്ക് പരിമിതികളുണ്ട്.

### ഉപേക്ഷിക്കപ്പെട്ട് 572 ബോട്ടുകൾ

വിഴിഞ്ഞത്താണ് സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ബോട്ടുകൾ ഉപേക്ഷിച്ചത്-72 ബോട്ടുകൾ. കൊല്ലം വാടിയിൽ 47 ബോട്ടുകളും കണ്ണൂർ മാപ്പിള ബേയിൽ 42 ബോട്ടുകളും ഉപേക്ഷിച്ചു.

2021 മുതൽ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 23 കടൽപ്പുറങ്ങൾ കേന്ദ്രീകരിച്ച് കേന്ദ്ര മത്സ്യ, സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ.സി.എ.ആർ.-സിഫ്റ്റ് നടത്തിയ പഠനങ്ങളിലാണ് ഈ കാര്യങ്ങൾ വ്യക്തമാകുന്നത്.

45,000 കിലോ വരുന്ന മാലിന്യമാണ് ഈ കാലയളവിൽ 572 ബോട്ടുകളിൽനിന്ന് കണ്ടെത്തിയത്.

കാലാവധി കഴിഞ്ഞ എഫ്.ആർ.പി. ഒരു മാലിന്യമായി അംഗീകരിക്കുകയാണ് ആദ്യത്തെ കടമ്പയെന്ന് ഐ.സി.എ.ആർ.-സിഫ്റ്റ് ഫിഷിങ് ടെക്നോളജി വിഭാഗം സീനിയർ ശാസ്ത്രജ്ഞ ഡോ. എൻ. മഞ്ജു ലക്ഷ്മി പറഞ്ഞു. കാലാവധി കഴിഞ്ഞ എഫ്.ആർ.പി. പരീക്ഷണാടിസ്ഥാനത്തിൽ റീസൈക്കിൾ ചെയ്യാൻ തുടങ്ങിയതായി സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ പറഞ്ഞു.